Introduction of Compulsory Primary Education

*479. MR. P. M. VARGHESE (*Thodupuzha II—General*): Will the Hon'ble Minister for Education be pleased to state the names of places where compulsory education has been introduced

HON'BLE MR. N. KUNJURAMAN : നിർബന്ധിതവിദ്യാഭ്യാസം നടപ്പിലാക്കിയ താലൂക്കുകളുടെ പേരുകൾ താഴെ കൊടുക്കുന്നു.

തോവാള, അഗസ്തീശ്വരം, കൽക്കുളം, വിളവങ്കോട്. തിരുവനന്തപുരം, നെടുമങ്ങാട്, കുന്നത്തൂർ, പുനലൂർ, പറവൂർ.

MR. P. M. VARGHESE . നിർബന്ധിതവിദ്യാഭ്യാസം നടപ്പിലാക്കിയിട്ടുള്ള സ്ഥലത്തു ഏതെങ്കിലും കുട്ടികൾ സ്കൂളിൽ പോകാതെ ഇരിക്കുന്നുണ്ടോ?

HON'BLE MR. N. KUNJURAMAN : അതേപ്പറ്റി ഗവണ്മെൻറ് അന്വേഷിച്ചില്ല.

MR. P. M. VARGHESE : അക്കാര്യത്തെപ്പറ്റി അന്വേഷിക്കേണ്ട ചുമതല ഗവണ്മെൻറിനില്ലേ?

HON'BLE MR. N. KUNJURAMAN : ഉണ്ട് അതിലേയ്ക്കു ചുമതലപ്പെട്ടവർ അതു അന്വേഷിക്കുന്നുമുണ്ട്. എന്നാൽ ഇപ്പോൾ ഗവണ്മെൻറിനു അതേപ്പറ്റി അറിവില്ലെന്നാണു പറഞ്ഞതു്.

MR. VARGHESE AUGUSTIN : ഓരോ താലൂക്കിലും സ്കൂളിൽപോകാൻ പ്രായമായ കുട്ടികളുടെ എണ്ണമെത്ര എന്നു പറയാൻ കഴിയുമോ?

HON'BLE MR. N. KUNJURAMAN : ഈയാണ്ടത്തെ കണക്കു എടുത്തിട്ടില്ല.

MR. VARGHESE AUGUSTIN : അതിൻറെ കണക്കു എപ്പോഴും ഗവണ്മെൻറ് എടുത്തിരിക്കേണ്ടതല്ലേ?

MR. PRESIDENT: The question is: "Will the Hon'ble Minister for Education be pleased to state the names of places where compulsory primary education has been introduced?" You cannot ask questions with regard to its success.

MR. P. M. VARGHESE: Every connected supplementary question, he should be prepared to answer.

MR. PRESIDENT: But the question should be relevant.

Government Manure Depots.

480. MR. K. RAMACHANDRAN (*Pathanamthitta I—Kammala*): Will the Hon'ble Minister for Agriculture be pleased to state:

(*a*) whether manures now sold by the Government Manure Depots are all approved by the Research Department;

(*b*) The opinion of the Research Department on the extensive use of Sodium Phosphate and Ammonium Sulphate;

(*c*) whether it is a fact that these manures deteriorate the types of soil in course of time; and

(*d*) if so the advisability of continuing the use of these manures?

LIBRARY ARCHIVES Kerala Legislative Assembly

HON'BLE MR. V. O. MARKOS : (എ) തിരുവിതാംകൂർ ഗവണ്മെൻറു വളം ഡിപ്പോയിൽനിന്നു വിൽക്കുന്ന വളങ്ങൾ തിരുവിതാംകൂർ ഗവേഷണവകുപ്പിൻെറ പ്രത്യേക അംഗീകാരം സിദ്ധിച്ചിട്ടുള്ളതല്ല. എന്നാൽ ശാസ്ത്രജ്ഞന്മാരുടെ പൊതുവെയുള്ള അംഗീകാരമുള്ളവയാണ്.

(ബി) ഗവേഷണവകുപ്പിൻെറ അഭിപ്രായം ഈ വളം വിവേകപൂർവ്വം ഉപയോഗിക്കുന്നതുകൊണ്ടു മണ്ണിൻെറ വളം വർദ്ധിക്കുകയും കൂടുതൽ വിളവു ഉണ്ടാകുകയും ചെയ്യുമെന്നാണ്.

(സി) ഈ വളം ഭൂമിയെ മോശമാക്കുമെന്നുള്ള അഭിപ്രായം പൊതുവെ ശരിയല്ല.

(ഡി) സി-യുടെ ഉത്തരത്തിൻെറ വെളിച്ചത്തിൽ ഈ ചോദ്യം ഉത്ഭവിക്കുന്നില്ല.

MR. K. RAMACHANDRAN : ഈ വളം എങ്ങനെയെല്ലാമാണു ഉപയോഗിക്കേണ്ടതെന്നുള്ളതിനെപ്പറ്റി ജനതാമദ്ധ്യത്തിൽ പ്രചരണവേല വല്ലതും ചെയ്തിട്ടുണ്ടോ ?

HON'BLE MR. V. O. MARKOS : ഉണ്ട്. കെമിക്കൽ വളം ആർഗാനിക്ക വളവുമായി കൂട്ടിച്ചേർത്തു ഉപയോഗിക്കുന്നതു നല്ലതാണെന്നു ജനങ്ങളെ പ്രചരണംമുഖേന അറിയിക്കുവാൻ കൃഷിഡിപ്പാർട്ടുമെൻറു ശ്രമിക്കുന്നുണ്ട്.

MR. PONNARA G. SREEDHAR (*Nedumangad II—General*) : കെമിക്കൽ വളം ഉപയോഗിച്ചതുകൊണ്ടു കൃഷി മോശപ്പെട്ടുപോയതായി വല്ല പരാതിയും ഗവണ്മെൻറിനു ലഭിച്ചിട്ടുണ്ടോ ?

HON'BLE MR. V. O. MARKOS : ഇല്ല.

MR. G. CHANDRASEKHARA PILLAI : ഗവണ്മെൻറു ഇപ്പോൾ എന്തെല്ലാം കെമിക്കൽ വളങ്ങളാണു വിൽക്കുന്നതു?

HON'BLE MR. V. O. MARKOS : അമോണിയം സൾഫേറും അമോണിയം സൂപ്പർഫോസ്ഫേറുമാണ്.

MR. K. A. GANGADHARA MENON : ഓരോ കൃഷിക്കു പറ്റിയ വളങ്ങൾ മിക്സു ചെയ്തു കൊടുക്കുവാൻ ഗവണ്മെൻറു ഉദ്ദേശിക്കുന്നുണ്ടോ?

HON'BLE MR. V. O. MARKOS : അങ്ങനെ ഒരു സ്കീം ആലോചനയിൽ ഇരിക്കുന്നുണ്ട്.

MR. K. A. GANGADHARA MENON : മദ്രാസു പ്രസിഡൻസിയിൽ വളം ഇങ്ങനെ മിക്സുചെയ്താണുകൊടുക്കുന്നതെന്നു ഗവണ്മെൻറിനറിയാമോ?

HON'BLE MR. V. O. MARKOS : മദ്രാസിൽ രണ്ടുവിധത്തിലുമുണ്ട്. മിക്സുചെയ്തും കൊടുക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

MR. K. SIVARAMA PILLAI (*Thovala—General*): Is there any difference in the price so far as the distribution of manure is concerned in Najinad and Kuttanad?

HON'BLE MR. V. O. MARKOS: ഇല്ലെന്നാണ് എന്റെ അഭിപ്രായം.

MR. K. SIVARAMA PILLAI: Is not the Government realising the full value of manure from Nanjinad and only 60 per cent from Kuttanad?

HON'BLE MR. V. O. MARKOS: നെൽകൃഷിക്ക് എല്ലായിടത്തും ഒരേ വിലയ്ക്കാണ് വളം കൊടുക്കുന്നതെന്നാണ് ഞാൻ മനസ്സിലാക്കിയിരിക്കുന്നത്. മറിച്ചു ഞാൻ മനസ്സിലാക്കിയിട്ടില്ല.

Excise Preventive Officers.

*481. MR. E. P. PAULOSE (*Muvattupuzha III—General*): Will the Hon'ble Minister for Excise be pleased to state:

(*a*) whether Government have sanctioned the construction of new buildings for providing additional quarters for the Excise Preventive Officers stationed on the frontiers;

(*b*) whether such construction is necessary since customs is likely to be a central subject?

HON'BLE MR. E. K. MADHAVAN: (എ) ഉണ്ട്.

(ബി) ഗവണ്മെൻറിന്റെ അവഗാഢമായ പരിചിന്തനത്തിൽ ഇരിക്കുകയാണ്.

MR. E. P. PAULOSE: അതിത്തി സ്ഥലത്തു ഇപ്പോഴും കസ്റ്റംസുഹൗസുകൾ പണിതുകൊണ്ടിരിക്കുന്നുണ്ടോ?

HON'BLE MR. E. K. MADHAVAN: ചില കെട്ടിടങ്ങൾ ഇപ്പോഴും പണിതുകൊണ്ടിരിക്കുകയാണ്.

MR. E. P. PAULOSE: ഇനി ഈ ഗവണ്മെൻറിന്റെ ചെലവിൽ കെട്ടിടം പണിയേണ്ട ആവശ്യമുണ്ടോ?

HON'BLE MR. E. K. MADHAVAN: പകുതി പണി കഴിഞ്ഞിരിക്കുന്ന കെട്ടിടങ്ങൾ മുഴുവനാക്കേണ്ടതു് ആവശ്യമാണെന്നു വിശ്വസിക്കുന്നു.

MR. G. CHNDRSEKHARA PILLAI: ഈ സംഗതി ഗവണ്മെൻറിന്റെ അവഗാഢമായ ആലോചനയിലിരുന്നിട്ട് എത്രകാലമായി?

HON'BLE MR. E. K. MADHAVAN: ഒരാഴ്ചയായി കാണും.

MR. G. CHANDRASEKHARA PILLAI: ഇതേപ്പറ്റി ഒരു തീരുമാനമുണ്ടാകുവാൻ ഇനി എത്രകാലം വേണ്ടിവരും?

HON'BLE MR. E. K. MADHAVAN: അതു, ഒരു തീരുമാനമുണ്ടാകുന്നതുവരെ വേണ്ടിവരും.

Installation of Radio Sets in Villlage union areas.

*482. MR. E. P. PAULOSE: Will the Hon'ble Minister for Village Unions be pleased to state:

LIBRARY ARCHIVES Kerala Legislative Assembly